പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1871 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധന** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീമതി ഇ.എസ്. ബിജിമോൾ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അംഗനവാടി ജീവനക്കാർക്ക്, ഓണറേറിയം വർദ്ധിപ്പിച്ചതെന്നുമുതലാണ്; ഈയിനത്തിൽ കുടിശ്ശികയുണ്ടോ; ഇല്ലെങ്കിൽ ഏപ്രിൽ മുതൽ ജൂലായ് വരെയുള്ള നാലുമാസത്തെ കുടിശ്ശിക നൽകിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 550 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിക്കുകയും പ്രസ്തുത വർദ്ധനവിന് 2011 ഓഗസ്റ്റ് മാസം മുതൽ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. ടി വർദ്ധനവിന് 2011 ഏപ്രിൽ മാസം മുതൽ മുൻകാല പ്രാബല്യം നൽകി കുടിശ്ശിക അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |
| (ബി)അംഗനവാടി ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; ഈ ക്ഷേമനിധി, ക്ഷേമനിധി ബോർഡാക്കി പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ബോർഡാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നൽകിയ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (സി)അംഗനവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ എത്ര ചർച്ചകൾ നടത്തി; ഈ ചർച്ചകളിൽ എടുത്ത പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നു വ്യക്തമാക്കുമോ; ഈ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 3.9.2012 ൽ ഒരു യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി.<br>1. അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങളും പരാതികളും പഠിച്ച് |

| | |
|---|---|
| | 3 മാസത്തിനുള്ളിൽ (3.12.2012 നുള്ളിൽ) റിപ്പോർട്ടു സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തി.<br>2. ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യത്തിൽ ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതാണ്.<br>3. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 1000/- രൂപയായി വർദ്ധിപ്പിച്ചതിന് 2011 ഏപ്രിൽ മാസം മുതൽ മുൻകാല പ്രാബല്യം നൽകുന്ന കാര്യവും നാല് മാസത്തെ കുടിശ്ശിക നൽകുന്ന കാര്യവും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ചർച്ച ചെയ്തു പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.<br>4. അംഗൻവാടി ജീവനക്കാരുടെ യൂണിഫോമിൽ മാറ്റം വരുത്തുന്ന കാര്യം അവരുമായി ചർച്ച ചെയ്തു തീരുമാനിക്കും.<br>5. ക്ഷേമനിധിയിൽ ഒടുക്കിയ തുകയുടെ കണക്ക് പാസ്ബുക്ക് നൽകുന്നതു വരെ കമ്പ്യൂട്ടർ കോപ്പി മുഖേന ഉടൻ നൽകുന്നതാണ്.<br>പ്രസ്തുത തീരുമാനങ്ങളിൽ സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച അംഗൻവാടി ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് |

| | |
|---|---|
| | സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് പ്രാരംഭ-നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചതിന് 2011 ഏപ്രിൽ മാസം മുതൽ മുൻകാല പ്രാബല്യം നൽകി കുടിശ്ശിക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി)പെൻഷനായ അംഗനവാടി ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണു നൽകിവരുന്നതെന്നു വ്യക്തമാക്കുമോ; പെൻഷൻ തുക വർദ്ധിപ്പിക്കാമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ഡി) പെൻഷനായ അംഗൻവാടി ജീവനക്കാർക്ക്, അംഗൻവാടി വർക്കേഴ്സ്& ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി, വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും പ്രതിമാസ പെൻഷനായി നൽകുന്നുണ്ട്. കൂടാതെ ക്ഷേമനിധിയിലേയ്ക്ക് അവർ അടച്ച തുകയും സർക്കാർ വിഹിതവും, 11% പലിശയും ചേർന്ന തുക പെൻഷൻ ആനുകൂല്യമായും നൽകുന്നുണ്ട്. പെൻഷൻ കൈപ്പറ്റി വരുന്നയാൾ മരണപ്പെടുന്ന പക്ഷം അവരുടെ അവകാശികൾക്ക് അംഗൻവാടി വർക്കറുടേതാണെങ്കിൽ 15,000 രൂപയും ഹെൽപ്പറുടേതാണെങ്കിൽ 10,000 രൂപയും ഒറ്റത്തവണ എക്സ്ഗ്രേഷ്യോ ആയി നൽകുന്നുണ്ട്. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (ഇ) പെൻഷനായ ജീവനക്കാർ, താൽകാലികമായി ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുമ്പോൾ, അവരിൽ നിന്നും പെൻഷൻതുക പിടിക്കാറുണ്ടോ; എങ്കിൽ, ഈ നടപടി നിറുത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ഇ) പെൻഷനായ അംഗൻവാടി ജീവനക്കാർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുമ്പോൾ അവർക്ക് ലഭ്യമാകുന്ന പെൻഷൻ തുക കഴിച്ചുള്ള തുക മാത്രം ഓണറേറിയമായി നൽകുന്നുണ്ട്. പ്രസ്തുത നടപടി നിർത്തിവയ്ക്കുന്നത് സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കാവുന്നതാണ്. |
| (എഫ്) പ്രസ്തുത ജീവനക്കാർക്ക്, മിനിമം ബോണസ് നൽകുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (എഫ്) പ്രസ്തുത ജീവനക്കാർ സർക്കാർ ജീവനക്കാരോ പൊതുമേഖലാ ജീവനക്കാരോ അല്ലാത്തതിനാൽ, ബോണസ് ആക്ടിന്റെ പരിധിയിൽ വരുന്നവരല്ല. അതിനാൽ ഇക്കാര്യം നടപ്പാക്കാൻ സാങ്കേതിക തടസ്സമുണ്ട്. |

സെക്ഷൻ ഓഫീസർ